# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4727

28-6-2013-ൽ മറുപടിക്ക്

### പെരിഞ്ഞാഴിതോടിന്റെ ഭാഗം മണ്ണിട്ടു നികത്തിയ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മോയിൻകുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ മൂക്കുന്നിമലയിൽ നിന്നുള്ള പെരിഞ്ഞാഴിതോടിന്റെ കുറച്ചുഭാഗം മണ്ണിട്ടു നികത്തിയതുമൂലം നീരൊഴുക്ക് തടസ്സപ്പെട്ട് വെള്ളം കെട്ടിനിന്ന് പരിസരവാസികൾക്കും വസ്തു വകകൾക്കും നാശമുണ്ടാകുന്നത് സംബന്ധിച്ച പരാതി വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതു സംബന്ധമായി റവന്യൂ ഡിവിഷണൽ ഓഫീസറിൽ നിന്നും നിർദ്ദേശമെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ടി വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ; | പരാതിക്കാധാരമായ സ്ഥലം പരിശോധിച്ച് അതേ ദിവസം തന്നെ ജെ.സി.ബി ഉപയോഗിച്ച് മണ്ണ് മാറ്റി നീരൊഴുക്ക് പുന:സ്ഥാപിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | കൈത്തോടിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും വെള്ളക്കെട്ടുമൂലം നശിച്ച അതോട്ച് ചേർന്ന പൊതുവഴി ഗതാഗതയോഗ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ അടിയന്തിര നിർദ്ദേശം നൽകുമോ ? | (ഡി) | വെള്ളക്കെട്ടുമൂലം നശിച്ച പൊതുവഴി ഗതാഗതയോഗ്യമാക്കുന്നതിനുള്ള അടിയന്തിര നിർദ്ദേശം വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ